OBITUARY

ദേവകി അമ്മ

ശ്രീകാര്യം : എൻജിനിയറിംഗ് കോളേജ് ക്ലങ്കോലിയിൽ പരേതനായ ശ്രീധരൻ നായരുടെ ഭാര്യ ദേവകിഅമ്മ (87) നിര്യാതയായി. മക്കൾ: ബേബി, ഓമന, അംബിക, രാജ് കുമാർ. മരുമകൾ: പ്രസന്ന. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 8.30ന് തൃപ്പാതപുരം പറമ്പിൽ പുത്തൻ വീട്ടിൽ.

രവീന്ദ്രൻ

രാമപുരം : കല്ലറത്തല വീട്ടിൽ സി. രവീന്ദ്രൻ (65) നിര്യാതനായി. ഭാര്യ: ശാന്ത. മക്കൾ: പരേതരായ റെജി, രജിത. മരുമകൾ: ആര്യ. സഞ്ചയനം: ചൊവ്വാഴ്ച രാവിലെ 9ന്.

പി. രാജമ്മ

തിരുവനന്തപുരം : ഉള്ളൂർ പോങ്ങുംമൂട് പത്മവിലാസം വീട്ടിൽ പരേതനായ വി. പത്മനാഭപിള്ളയുടെ ഭാര്യ പി. രാജമ്മ (87) നിര്യാതയായി. മക്കൾ: സരളകുമാരി, ഡോ. സനൽകുമാർ, മീനാകുമാരി (റിട്ട. എ.ആർ, കോ-ഓപ് ഡിപ്പാർട്ട്മെന്റ്), അജിതകുമാരി. മരുമക്കൾ : ചന്ദ്രശേഖരൻ നായർ (റിട്ട. പ്രിൻസിപ്പൽ, ബി. എൻ. വി. എ ച്ച്. എ സ്. എ സ്), രമാദേവി (എൽ. ഐ. സി, പട്ടം), മഹേശ്വരൻ (റിട്ട. എൻ ഫോഴ്സ്മെന്റ് ഓഫീസർ, ഇ. പി. എഫ്), രാധാകൃഷ്ണൻ നായർ (കോയിക്കൽ അംബ്രല്ലാസ്, ചാല). സഞ്ചയനം : ചൊവ്വാഴ്ച രാവിലെ 8ന്.

സുബൈദ കണ്ണ്

തിരുവനന്തപുരം: വള്ളക്കടവ് ബോട്ടുപുരയിൽ പരേതനായ ഇബ്രാഹിംപിള്ളയുടെ മകളും കൈതമുക്കിൽ പരേതനായ എൻ. അഹമ്മദ്കണ്ണിന്റെ (എൻ. എ. കെ) ഭാര്യയുമായ സുബൈദ കണ്ണ് (82) നിര്യാതയായി. സഹോദരിമാർ: ഐഷാ ബീവി, റംലത്ത്ബീവി, സാജിദ, റാജില. ഫോൺ: 8891919773.

ശ്യാംകുമാർ

കരിക്കോട്: അറുന്നൂറിമംഗലം കവിതയിൽ ശ്യാംകുമാർ (38) നിര്യാതനായി.

ബെഹ്റ വീണ്ടും പൊലീസ് മേധാവിയാകുമോ?

സെൻകുമാർ 30ന് വിരമിക്കും ശേഷം വൻ അഴിച്ചുപണി

തിരുവനന്തപുരം: സുപ്രീംകോടതി വിധിയെ തുടർന്ന് പൊലീസ് മേധാവിയായി തിരിച്ചെത്തിയ ടി. പി. സെൻകുമാർ കാലാവധി പൂർത്തിയാക്കി അടുത്തയാഴ്ച വിരമിക്കുമ്പോൾ പൊലീസ് തലപ്പത്ത് അഴിച്ചുപണിക്ക് സാധ്യതയേറി. അടുത്ത ബുധനാഴ്ച ചേരുന്ന മന്ത്രിസഭാ യോഗത്തിൽ ഇതുസംബന്ധിച്ചതീരുമാനം ഉണ്ടാകും. 30 നാണ് സെൻകുമാർ വിരമിക്കുന്നത്.

സെൻകുമാർ സ്ഥാനമൊഴിയുമ്പോൾ പൊലീസ്മേധാവി സ്ഥാനത്തേക്ക് ആര് വരുമെന്നതാണ് ഏവരും ഉറ്റുനോക്കുന്നത്. സെൻകുമാർ കഴിഞ്ഞാൽ ഡി. ജി. പി തസ്തികയിലുള്ള ജേക്കബ്തോമസ്, ലോക്നാഥ് ബെഹ്റ, ഋഷിരാജ് സിംഗ് എന്നിവരിൽ ഒരാൾക്കാവും നറുക്കുവീഴുക. എന്നാൽ, സെൻകുമാർ പൊലീസ്മേധാവിയായപ്പോൾ വിജിലൻസ് ഡയറക്ടർസ്ഥാനത്തേക്ക്മാറ്റപ്പെട്ടലോക്നാഥ് ബെഹ്റയെ വീണ്ടും ഡി. ജി. പിയായി നിയമിക്കാൻ സാധ്യതയുണ്ടെന്നാണ് അണിയറ വർത്തമാനം.

ബെഹ്റയെ വിജിലൻസ് ഡയറക്ടർ സ്ഥാനത്ത് നിലനിറുത്തി ജേക്കബ്തോമസ്, ഋഷിരാജ് സിംഗ് എന്നിവരിൽ ഒരാളെ പരിഗണിക്കുമോ എന്നും അറിയേണ്ടതുണ്ട്. എന്നാൽ, ഇരുവർക്കും വലിയ സാധ്യത കൽപ്പിക്കപ്പെടുന്നില്ല. രണ്ടുമാസത്തെ അവധിക്കുശേഷം തിരിച്ചെത്തിയ ജേക്കബ്തോമസിനെ ഐ.എം. ജി ഡയറക്ടറായി നിയമിക്കുകയായിരുന്നു. നിലവിൽ എക്സൈസ് കമ്മിഷണറാണ് ഋഷിരാജ് സിംഗ്. പൊലീസ് മേധാവിയായി ജേക്കബ്തോമസ് വരുന്നതിനോട് ചിലഉന്നത ഐ.എ.എസ് - ഐ.പി.എസ്ഉദ്യോഗസ്ഥർക്ക് താത്പര്യമുണ്ടാകാൻ ഇടയില്ല. അതേസമയം, ബെഹ്റയെ പൊലീസ് മേധാവിയാക്കിയാൽ ഒഴിവുവരുന്ന വിജിലൻസ്ഡയറക്ടർ തസ്തികയിൽ അദ്ദേഹത്തെ വീണ്ടും കൊണ്ടുവരുമോ എന്നും വ്യക്തമല്ല. അദ്ദേഹത്തിനെതിരെ ലഭിച്ച ചില പരാതികളിൽ പരിശോധന നടന്നുവരുന്ന സാഹചര്യത്തിൽ വീണ്ടും അദ്ദേഹത്തെ വിജിലൻസ് ഡയറക്ടറായി സർക്കാർ നിയമിക്കാൻ സാധ്യതയില്ലെന്നും കേൾക്കുന്നു. അങ്ങനെയെങ്കിൽ അദ്ദേഹം തത്കാലം നിലവിലെ സ്ഥാനത്ത്തുടരാനാണ് സാധ്യത. വിജിലൻസ് ഡയറക്ടറായിരിക്കെയാണ് ജേക്കബ് തോമസ് അവധിയിൽ പ്രവേശിച്ചത്. അപ്പോൾ ആ ചുമതല നൽകിയത് അന്നത്തെ പൊലീസ്മേധാവിയായിരുന്ന ബെഹ്റയ്ക്കാണ്. സെൻകുമാർ പൊലീസ് മേധാവിയായി തിരിച്ചെത്തിയപ്പോൾ വിജിലൻസ് ഡയറക്ടറായി ബെഹ്റയ്ക്ക് സ്ഥിരനിയമനം നൽകി.

ടി.പി. സെൻകുമാർ, ജേക്കബ് തോമസ്, ലോക്നാഥ് ബെഹ്റ, ഋഷിരാജ് സിംഗ് എന്നിവരാണ് ഡി.ജി.പി തസ്തികയിലുള്ളത്. ഇവരെ കൂടാതെ നിർമ്മൽ ചന്ദ്ര അസ്താന, എ. ഹേമചന്ദ്രൻ, എൻ. ശങ്കർ റെഡ്ഡി, രാജേഷ് ദിവാൻ, മുഹമ്മദ് യാസിൻ എന്നിവർക്കും ഡി. ജി. പി പദവിയുണ്ട്. കേന്ദ്ര സർക്കാരും അക്കൗണ്ടന്റ് ജനറലും അംഗീകരിക്കാത്തതിനാൽ ഇവർക്ക് എ. ഡി. ജി. പിയുടെ ശമ്പളമാണ് ലഭിക്കുന്നത്.

സെൻകുമാറിനെ മാറ്റി ബെഹ്റയെ പൊലീസ് മേധാവിയാക്കിയത് സുപ്രീംകോടതിയിൽ ചോദ്യം ചെയ്യപ്പെട്ട സാഹചര്യത്തിൽ ചട്ടങ്ങളെല്ലാം പാലിച്ചുകൊണ്ടാകും പുതിയ നിയമനങ്ങൾ സർക്കാർ നടത്തുക. സെൻകുമാർ വിരമിക്കുന്നതിനെത്തുടർന്ന്വൻ അഴിച്ചുപണിയാണ്പൊലീസ്വകുപ്പിൽവരാൻ പോകുന്നതെന്നാണ് സൂചന.

ഡയാനയുടെ അപകടമരണം കൊലപാതകം കൊലയാളി ബ്രിട്ടീഷ് ചാരൻ

ലണ്ടൻ: ബ്രിട്ടീഷ് രാജകുമാരി ഡയാനയുടെ മരണം സംഭവിച്ചത് കാർ അപകടത്തിലാണെങ്കിലും അതൊരു കൊലപാതകമായിരുന്നുവെന്ന് വെളിപ്പെടുത്തൽ. ബ്രിട്ടീഷ് ഇന്റലിജൻസ് ഏജൻസിക്കുവേണ്ടി താൻ ഡയാന രാജകുമാരിയെ കൊലപ്പെടുത്തിയതാണെന്ന് വിരമിച്ച ഹോപ്കിൻസ് എം.ഐ-5 ഏജന്റ് എൺപതുകാരനായ ജോൺ ഹോപ്കിൻസ് ഇറന്നു പറഞ്ഞു. മരണക്കിടക്കയിലാണ് വെളിപ്പെടുത്തൽ.

ചാരസംഘടനയായ എം.ഐ - 5 ഏജന്റായി ഹോപ്കിൻസ് മുപ്പത്തിയഞ്ച് വർഷം പ്രവർത്തിച്ചിരുന്നു. 1973 ജൂണിനും 1999 ഡിസംബറിനും ഇടയിൽ ഡയാന രാജകുമാരി അടക്കം 23 പേരെ കൊലപ്പെടുത്തിയെന്നാണ് ഇപ്പോൾ പറയുന്നത്.

ഏഴംഗ സംഘമാണ് ബ്രിട്ടീഷ് ഭരണകൂടത്തിനുവേണ്ടി രഹസ്യ ഉന്മൂലനങ്ങൾ നടത്തിയിരുന്നത്. കൊല്ലപ്പെട്ടരിൽ കൂട്ടരുടെയും രാഷ്ട്രീയപ്രവർത്തകരും ജേർണലിസ്റ്റുകളും ട്രേഡ്യൂണിയൻ നേതാക്കളും പൊതുപ്രവർത്തകരുമാണ്. താൻ കൊലപ്പെടുത്തിയ ഏക വനിതയാണ് ഡയാന രാജകുമാരി. രാജകുടുംബാംഗമായ ഏക വ്യക്തിയും. അവർ ആ മരണം അർഹിച്ചിരുന്നില്ല. പക്ഷേ, അവർ രാജകുടുംബത്തിന്റെ കെട്ടുപാടുകളും പാരമ്പര്യവും വകവയ്ക്കാതെയാണ് ജീവിച്ചിരുന്നത്.

രാജകുടുംബം നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഡയാനയെ കൊലപ്പെടുത്തിയതെന്നും ഹോപ്കിൻസ് വെളിപ്പെടുത്തുന്നു. 'ഡയാനയ്ക്ക് ഒട്ടേറെ രാജകുടുംബ രഹസ്യങ്ങൾ അറിയാമായിരുന്നു. പലതും അവർ പരസ്യപ്പെടുത്തുമെന്ന് ഭയന്നു. എന്റെ മേധാവി പറഞ്ഞു. അവർ മരിച്ചേ തീരൂ - അദ്ദേഹത്തിന് ഫിലിപ് രാജകുമാരനിൽ നിന്ന് നേരിട്ട് ഉത്തരവുണ്ടായിരുന്നു. അതൊരു അപകടമരണമാക്കി മാറ്റണമായിരുന്നു. ഞാനതു ചെയ്തു രാജ്യത്തിനും രാജ്ഞിക്കും വേണ്ടിയാണ് - ഹോപ്കിൻസ് പറഞ്ഞു.

അസുഖബാധിതനായ മുൻ ഏജന്റിന്, ആഴ്ചകൾ മാത്രമാണ് ആയുസ് എന്നു ഡോക്ടർമാർ അറിയിച്ചതിനെ തുടർന്ന് കഴിഞ്ഞ ദിവസം ആശുപത്രി വിട്ടശേഷമാണ് വെളിപ്പെടുത്തൽ. ഈ കേസ് തെളിയിക്കാൻ രേഖകളില്ലെന്നും മുൻ ഏജന്റ് പറയുന്നു. ഏക സാക്ഷിയായ തന്റെ മേധാവി ഏതാനും വർഷം മുൻപ് മരിച്ചു.

വളർത്തുനായ്ക്കളുടെ ലൈസൻസ്: രണ്ടുദിവസം കൊണ്ട് നാല്പത് നായ്ക്കൾക്ക് ചിപ്പുപിടിപ്പിച്ചു

തിരുവനന്തപുരം: വളർത്തുനായ്ക്കൾക്ക് ലൈസൻസെടുക്കണമെന്ന നഗരസഭയുടെ നിർദ്ദേശത്തിന് തുടക്കത്തിൽ മികച്ച പ്രതികരണം. ഉദ്ഘാടനം കഴിഞ്ഞ്രണ്ടുദിവസത്തിനിടെ നാല്പത് നായ്ക്കളെ ലൈസൻസ് എടുക്കുന്നതിന്റെഭാഗമായിനഗരത്തിലെ വിവിധമൃഗാശുപത്രിയിൽഎത്തിച്ച് റേഡിയോ ഫ്രീക്വൻസി ഐഡന്റിറ്റി-ഏബിസിചിപ്പുകൾഘടിപ്പിച്ചു.

ലൈസൻസ് എടുക്കുന്നതിന് ഓൺലൈൻ സംവിധാനമൊരുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നെങ്കിലും സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിലെ കാലതാമസത്താൽ തൽക്കാലം ന്യൂ ശുപഫീസടച്ച രസീതും നായയുമായി മൃഗാശുപത്രിയിൽ എത്തിയാൽ സേവനം ലഭിക്കുമെന്ന് നഗരസഭ അറിയിച്ചു. നഗരസഭയുടെജനസേവാകേന്ദ്രത്തിലെത്തി 11008100 എന്ന അക്കൗണ്ടിലാണ് 100 രൂപ ഫീസായി അടയ്ക്കേണ്ടത്. റേഡിയോ ഫ്രീക്വൻസി ഐഡന്റിറ്റി എന്ന പേരിലെ ഈ ചിപ്പിന് 150 രൂപയാണ് വില. എന്നാൽ 100 രൂപയ്ക്ക്വളർത്തുനായ്ക്കളുടെ ഉടമയ്ക്ക്വാങ്ങാം.

രജിസ്ട്രേഷനു വേണ്ടി നായയുടെ പേര്, ചിത്രം, ഇനം ഉടമസ്ഥന്റെ പേര്, വിലാസം, ലൈസൻസ് എടുത്ത ദിവസം, പുതുക്കേണ്ട ദിവസം, വാക്സിനേഷൻ എടുത്ത ദിവസം, തുടർ വാക്സിനേഷൻ എടുക്കേണ്ട തീയതികൾ തുടങ്ങിയ വിവരങ്ങൾ നൽകണം. ഇതിന്റെ ഭാഗമായി വളർത്തു നായ്ക്കളുടെ എണ്ണം കണക്കാക്കാനുള്ള സർവ്വേയും ആരംഭിച്ചു.

നഗരസഭാ പരിധിയിൽ വരുന്ന 15 മൃഗാശുപത്രികളിലാണ് ലൈസൻസിനുള്ള സൗകര്യങ്ങൾ ഒരുക്കിയിരിക്കുന്നത്. 30 ദിവസം മുതൽ പ്രായമുള്ള നായ്ക്കളെയാണ് രജിസ്റ്റർ ചെയ്യേണ്ടത്. പദ്ധതിയുടെ ഭാഗമായി നായ്ക്കളുടെ ആരോഗ്യവിവരങ്ങൾ അടങ്ങുന്ന റേഡിയോ ഫ്രീക്വൻസി ഐഡന്റിറ്റി (ആർ. എസ്. ഐ. ഡി) നമ്പർ ഉൾപ്പെടുത്തിയ ചിപ്പുകൾ നായ്ക്കളിൽ ഘടിപ്പിക്കും. അഞ്ചു മിനിറ്റ് മാത്രമാണ് ചിപ്പ് ഘടിപ്പിക്കാൻ ആകെ വേണ്ട സമയം. ആരോഗ്യപ്രശ്നങ്ങളൊന്നുമില്ലെങ്കിൽ പിന്നെ അടുത്ത വർഷം നായയെ വാക്സിനേഷൻ പുതുക്കുന്നതിനായി കൊണ്ടുവന്നാൽ മതിയാകും.

ഒരു നായുടെ പരമാവധി ആയുർദൈർഘ്യം പതിനഞ്ച്വർഷമാണ്. ഇരുപത് വർഷം വരെ നിലനിൽക്കുന്ന ചിപ്പാണ്ഇത്. ബയോ കംപാക്ടബിൾ ഗ്ലാസ് സംവിധാനമുള്ള ചിപ്പുകളാണ് നായ്ക്കളിൽ ഘടിപ്പിക്കുന്നത്. ശസ്ത്രക്രിയ ഇല്ലാതെ തന്നെ ത്വക്കിലൂടെ നായ്ക്കളുടെ കഴുത്തിൽ ഇത്ഘടിപ്പിക്കും.

അണുബാധയോ മറ്റ അസ്വസ്ഥതകളോ നായ്ക്കളിൽ മരണം വരെ ഉണ്ടാവാത്ത രീതിയിലാണ് ഈ ചിപ്പ്പ്രവർത്തിക്കുന്നത്. നെതർലണ്ടിൽനിന്ന് ഇതിനാവശ്യമായ 10,000 മൈക്രോചിപ്പുകൾ ഇതിനോടകം വാങ്ങിക്കഴിഞ്ഞു. ചിപ്പിന്റെ സഹായത്തോടെ നായ്ക്കൾ എവിടെ ഉണ്ടെന്നും മനസിലാക്കാൻ വരെസാധിക്കും.

വാക്സിനേഷൻ എടുക്കാതെയും ലൈസൻസ് പുതുക്കാതെയുമുള്ളവർക്കെതിരെ നിയമനടപടികളും ഉണ്ടാവും. ഒരു വർഷത്തെ വാക്സിനേഷന് ശേഷം അടുത്ത വർഷത്തേക്കുള്ള വാക്സിനേഷൻ തീയതി 360- ാം ദിവസം ഉടമസ്ഥന് എസ്. എം. എസ് മുഖേന ലഭിക്കാനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ നായ്ക്കളെ വളർത്തുന്നത്കുറകരമാക്കിയുള്ള മുനിസിപ്പാലിറ്റി ആക്ട്കർശനമാക്കാനും തീരുമാനിച്ചു.

തെരുവ് നായ്ക്കളെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തെരുവ്നായ്ക്കളുടെ ചിത്രം, സ്ഥിരമായി കാണപ്പെടുന്ന സ്ഥലം എന്നീ വിവരങ്ങൾ ശേഖരിക്കും. കൗൺസിലർമാരുടെയും കുടുംബശ്രീ പ്രവർത്തകരുടെയും സഹായത്തോടെയാണ്കണക്കെടുപ്പ്നടത്തുന്നത്. വാക്സിനേഷൻ നൽകി വന്ധ്യകരണം ചെയ്ത്ഇവയെ തിരിച്ചുവിടും. നായ്ക്കൾക്കായി 5 വെറ്റിനറി ഡോക്ടർമാർ, അഞ്ച് വെറ്റിനറി അസിസ്റ്റന്റുമാർ, നായപിടുത്തക്കാർ, പരിശീലകർ എന്നിവരടങ്ങുന്ന പ്രത്യേക സംഘത്തെയും നിയമിച്ചു. സംസ്ഥാന സർക്കാരിന്റെ എ.ബി.സി. പദ്ധതിയിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപയാണ് പദ്ധതിക്കായി നഗരസഭയ്ക്ക് അനുവദിച്ചത്. തിരുവല്ലം മൃഗാശുപത്രി പരിസരത്ത് നൂതന സൗകര്യങ്ങൾക്കൊപ്പം 150 നായ്ക്കളെ പാർപ്പിക്കാനുള്ള സംവിധാനം പുരോഗമന പാതയിലാണ്.

നിലവിലെ കണക്കനുസരിച്ച് 25,500 വളർത്തുനായകളും 9500 തെരുവുനായ്ക്കളും നഗരത്തിലുണ്ട്. ഒരു ദിവസം 20 നായ്ക്കളെ വന്ധ്യകരണം നടത്തുവാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഇതോടെ തലസ്ഥാനത്തെ പേവിഷവിമുക്തമാകുവാനാണ്നായ്ക്കൾക്കുലൈസൻസ് നിർബന്ധമാക്കി കൊണ്ടുള്ള പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.